# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

ഇലക്ഷൻ/അടിയന്തിരം

**നമ്പർ: 7250/ബി/2014/സം.തി.ക.** **തീയതി : 23.09.2015**

പ്രേഷകൻ
സെക്രട്ടറി.

സ്വീകർത്താവ്
ഡയറക്ടർ
ഹയർ സെക്കന്ററി ഡയറക്ടറേറ്റ്
തിരുവനന്തപുരം

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതു തിരഞ്ഞെടുപ്പ് 2015 - ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം - ഉത്തരവ് റദ്ദു ചെയ്യണമെന്ന നിർദ്ദേശം - സംബന്ധിച്ച്.

സൂചന:- 1) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 21.09.2015-ലെ 597/2015/എസ്.ഇ.സി നമ്പർ ഉത്തരവ്.
2) താങ്കളുടെ 21.09.2015-ലെ എ.ഡി.സി.6/5697/2015/ഹ.സെ.വി നമ്പർ ഉത്തരവ്.

**********

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2015-ൽ നടക്കുന്ന പൊതു തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിൽ പൊതുതിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്നതുവരെ യാതൊരു വിധ സ്ഥലം മാറ്റങ്ങളും നടത്തുവാൻ പാടില്ലായെന്നും അടിയന്തിര ഘട്ടങ്ങളിൽ സ്ഥലംമാറ്റങ്ങൾ നടത്തേണ്ട സാഹചര്യം ഉണ്ടാകുന്ന പക്ഷം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെയോ ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെയോ മുൻകൂർ അനുമതി നിർബന്ധമായും നേടേണ്ടതാണെന്നും സൂചന 1-ലെ ഉത്തരവിൽ കമ്മീഷൻ അർത്ഥശങ്കയില്ലാത്ത വിധം വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ പ്രസ്തുത ഉത്തരവ് കണക്കിലെടുക്കാതെ ധാരാളം ഹയർസെക്കൻന്ററി സ്കൂൾ അദ്ധ്യാപകരെ സ്ഥലം മാറ്റിക്കൊണ്ട് സൂചന 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി കാണുന്നു. ഇത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ ലംഘനമാണ്. കൂടാതെ 'ഇ-ഡ്രോപ്പ്' സംവിധാനത്തിലൂടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരെ വിന്യസിക്കുന്ന നടപടികൾ ആരംഭിച്ചിരിക്കുന്ന സന്ദർഭത്തിൽ, അദ്ധ്യാപകരുടെ സ്ഥലംമാറ്റം, പൊതുതിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുവാൻ ഉതകുന്ന നടപടിയുമാണ്.

ഈ സാഹചര്യത്തിൽ ഹയർസെക്കന്ററി അദ്ധ്യാപകരെ സ്ഥലംമാറ്റിക്കൊണ്ട് താങ്കൾ 21.09.2015-ൽ പുറപ്പെടുവിച്ച എ.ഡി.സി.06/5697/2015/ഹ.സെ.വി നമ്പർ ഉത്തരവ് തിരഞ്ഞെടുപ്പു പ്രക്രിയ പൂർത്തിയാകുന്നതു വരെ മരവിപ്പിക്കുവാനും നേരത്തേയുണ്ടായിരുന്ന അവസ്ഥ പുനസ്ഥാപിക്കുവാനും താങ്കളോട് നിർദ്ദേശിക്കുന്നു.

അതോടൊപ്പം ടി ഉത്തരവിന്റെയടിസ്ഥാനത്തിൽ ഇതിനോടകം ആരെയെങ്കിലും സ്ഥലം മാറ്റിയിട്ടുണ്ടെങ്കിൽ അവരെ അവർ നേരത്തേ ജോലി നോക്കിയിരുന്ന സ്ഥാനത്തേയ്ക്കും സ്ഥലത്തേക്കും തിരികെ കൊണ്ടു വരുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിയ്ക്കുവാനും താങ്കളോട് നിർദ്ദേശിക്കുന്നു.

കൂടാതെ 2015-ലെ പൊതുതിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്നതുവരെ യാതൊരു വിധ സ്ഥലംമാറ്റ ഉത്തരവുകളും പുറപ്പെടുവിയ്ക്കരുതെന്നും നിർദ്ദേശിക്കുന്നു.

21.09.2015-ലെ എ.ഡി.സി.06/5697/2015/ഹ.സെ.വി നമ്പർ ഉത്തരവ് മരവിപ്പിച്ചു കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് കമ്മീഷന് ഉടനെ സമർപ്പിക്കുവാനും നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,

**ഒപ്പ്**
പി. ഗീത
സെക്രട്ടറി